# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 — കെ. യു എച്ച്. ക്യു, തീയതി: 18.08.2020

**<u>പ്രസിദ്ധീകരണത്തിന്</u>**

### പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

ഹോൾടിക്കറ്റിൽ **അൽ മക്കർ അറബിക് കോളേജ്**, **മട്ടന്നൂർ പി. ആർ. എൻ. എസ്. എസ്. കോളേജ്**, **കെ. എം. എം. ഗവ. വിമൻസ് കോളേജ്** എന്നീ പരീക്ഷാ കേന്ദ്രങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രണ്ടാം വർഷ **അഫ്സൽ ഉൽ ഉലമ പ്രലിമിനറി** പരീക്ഷാർഥികൾ യഥാക്രമം **കേയീ സാഹിബ് ട്രെയിനിങ് കോളേജ്**, **ഇരിട്ടി എം. ജി. കോളേജ്**, **താവക്കര കണ്ണൂർ സർവകലാശാല ആസ്ഥാനം** എന്നീ കേന്ദ്രങ്ങളിൽ പരീക്ഷക്ക് ഹാജരാകേണ്ടതാണ്.

### തിരിച്ചറിയൽ രേഖ ഹാജരാക്കണം

20.08.2020 ന് ആരംഭിക്കുന്ന രണ്ടാം വർഷ അഫ്സൽ ഉൽ ഉലമ പ്രലിമിനറി പരീക്ഷാർത്ഥികൾ **ഹാൾ ടിക്കറ്റ്** ഗസറ്റഡ് ഓഫീസറെ കൊണ്ട് അറ്റസ്റ്റ് ചെയ്യുന്നതിന് പകരം **ഫോട്ടോ പതിപ്പിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.**

പ്രസ്തുത ഹാൾ ടിക്കറ്റിനൊപ്പം **ഫോട്ടോയും മേൽവിലാസവുമടങ്ങിയ** തിരിച്ചറിയൽ രേഖയുടെ **ഒറിജിനൽ** (പാൻ കാർഡ്/ വോട്ടേഴ്സ് ഐഡി/ആധാർ കാർഡ്/ പാസ്പോർട്ട്) **നിർബന്ധമായും** ഹാജരാക്കണം. ഇൻവിജിലേറ്റർമാർ വിദ്യാർത്ഥികളുടെ ഐഡന്റിറ്റി ഉറപ്പാക്കേണ്ടതാണ്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ഈ സംവിധാനം 20.08.2020 ന് ആരംഭിക്കുന്ന **രണ്ടാം വർഷ അഫ്സൽ ഉൽ ഉലമ പ്രലിമിനറി പരീക്ഷകൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.**

### പരീക്ഷാവിജ്ഞാപനം

**2009-2013 അഡ്മിഷൻ** സിലബസ് **ബിരുദ** (സി. സി. എസ്. എസ്.) വിദ്യാർഥികളുടെ എല്ലാ സെമസ്റ്ററുകളുടെയും **അവസാന മേഴ്സി ചാൻസ് സപ്ലിമെന്ററി** പരീക്ഷകൾ വിജ്ഞാപനം ചെയ്തു. **ആറ്**, **നാല്**, **രണ്ട്**, **അഞ്ച്**, **മൂന്ന്**, **ഒന്ന്** സെമസ്റ്റർ പരീക്ഷകൾക്ക് യഥാക്രമം **24.08.2020**, **27.08.2020**, **08.09.2020**, **15.09.2020**, **18.09.2020**, **24.09.2020** തീയതികൾ മുതൽ അപേക്ഷിക്കാം. അപേക്ഷിക്കുന്ന ഓരോ സെമസ്റ്റർ പരീക്ഷകൾക്കും ₹2500/- വീതം രജിസ്ട്രേഷൻ ഫീസിനത്തിലും ₹290/- മറ്റ് ഫീസിനത്തിലും അടക്കേണ്ടതാണ്. ഓരോ പേപ്പറിനും ₹500/- രൂപ വീതവും ഫീസടക്കേണ്ടതാണ്. വിശദമായ പരീക്ഷാ വിജ്ഞാപനം വെബ്സൈറ്റിൽ.

ഒപ്പ്/-
**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**